ടൂറിസം/വനം വകുപ്പുകൾക്കായി ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണവും സിൽക്ക് അഴീക്കൽ യൂണിറ്റിന് ലഭിക്കുകയും അത് വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. ഇപ്പോഴും ബോട്ടുകളുടെ നിർമ്മാണ പ്രക്രിയ നടന്നു വരുന്നു. അതോടൊപ്പം കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തികളും ഈ യൂണിറ്റ് ഏറ്റെടുത്ത് ചെയ്തുവരുന്നു.

(സി) ഈ യൂണിറ്റിന്റെ വികസനം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല.

(ഡി) ബാധകമല്ല.

കിനാലൂരിലെ ടെക്നോ സിറ്റിക്കായി മാറ്റിവച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്

177 (5067) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലിയിലെ കിനാലൂരിൽ ടെക്നോസിറ്റി നിർമ്മിക്കാനായി ഏതെങ്കിലും വിദേശ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ടെക്നോ സിറ്റിക്കായി മാറ്റിവച്ച സ്ഥലം ഇപ്പോൾ ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

തേങ്ങയിടാനുള്ള യന്ത്രം

178 (5068) ശ്രീ. എം. ജെ. ജേക്കബ്:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേങ്ങയിടാനുള്ള യന്ത്രം നിർമ്മിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്മാന പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി പ്രഖ്യാപിച്ചശേഷം എത്രപേർ യന്ത്രങ്ങളുടെ രൂപം നൽകി ;

(സി) യന്ത്രങ്ങളുടെ പ്രവർത്തനം വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ തൃപ്തികരമായ രീതിയിലുള്ള യന്ത്രം ആരെങ്കിലും നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) തേങ്ങയിടാനുള്ള യന്ത്രം നിർമ്മിക്കുന്നതിലേയ്ക്കായി ലഭ്യമായ ആശയങ്ങളിൽ നിന്ന് വിദഗ്ദ്ധ സമിതി 8 ആശയങ്ങൾ തെരഞ്ഞെടുത്ത് യന്ത്രം നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം 8 പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ അവസാനഘട്ടത്തിൽ സ്വന്തം ചെലവിൽ ഉപകരണമുണ്ടാക്കി പ്രദർശനത്തിൽ പങ്കെടുക്കുന്നവരിൽ നിന്നും അനുയോജ്യമായ തേങ്ങയിടാനുള്ള യന്ത്രം തെരഞ്ഞെടുക്കുകയാണെങ്കിൽ ആയതിന് 10 ലക്ഷം രൂപ വീതം 3 പേർക്ക് യന്ത്രം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 8 പേർ യന്ത്രം രൂപ കൽപ്പന നൽകിക്കൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കോഴിക്കോട് നഗരത്തിൽ കൺവെൻഷൻ സെന്റർ

179 (5069) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് വെള്ളയിൽ, കിൻഫ്ര ഇൻകെൽ-മായി ചേർന്ന് സംയുക്ത സംരംഭത്തോടെ 100 കോടി മുതൽ മുടക്കിൽ ഒരു കൺവെൻഷൻ സെന്ററും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇവിടെ 1200-1500 പേർക്കുള്ള ഇരിപ്പിട സൗകര്യവും 150 പേർക്ക് താമസ സൗകര്യവും ഉണ്ടാകും. നിയമാനുസൃതമുള്ള അനുമതി ലഭിച്ചാൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly